കേരള സർക്കാർ

മണ്ണ് സംരക്ഷണ പദ്ധതി
വിലയിരുത്തൽ പഠന സർവേ
–നിർദ്ദേശ പുസ്തകം–

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠനം

I. ആമുഖം

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ അവയുടെ പ്രകൃതിപരമായ സമഗ്രതയിൽ സംരക്ഷിച്ച മാത്രമേ സുസ്ഥിരമായ വികസനം കൈവരിക്കാനാവുകയുള്ളു. പ്രകൃതി വിഭവങ്ങളുടെ ലഭ്യതയും നിലനിൽപ്പും വികാസവുമെല്ലാം പ്രകൃതി ഘടകങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. വികസനത്തിന്റെ അടിസ്ഥാനവും ഈ പ്രകൃതിവിഭവങ്ങളാണ്. ഇവയുടെ സംരക്ഷണം, നീതിപൂർവമായ ഉപയോഗം എന്നിവ മാനവ വികസന പ്രവർത്തനങ്ങളിൽ വഹിക്കുന്ന പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ അമിത ചൂഷണം ഒഴിവാക്കിക്കൊണ്ട് പ്രകൃതിവിഭവങ്ങളുടെ ശാസ്ത്രീയമായ പുനരുപയോഗവും പുനരുത്പാദനവും മുന്നിൽ കണ്ടുകൊണ്ടുള്ള സുസ്ഥിര വികസന കാഴ്ചപ്പാട് അനിവാര്യമാണ്.

സംസ്ഥാനത്ത് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പും, മറ്റ് വകുപ്പുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം നിലയ്ക്കും, പൊതുജന പങ്കാളിത്തത്തോടെയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ അനന്തര ഫലങ്ങൾ മനസ്സിലാക്കുന്നതിനും ആസൂത്രണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുന്നതിനും സാമ്പത്തിക സ്ഥിവിവരക്കണക്ക് വകുപ്പ് മുഖേന ഇവയുടെ ശാസ്ത്രീയമായ വിലയിരുത്തൽ പഠനം നടത്തി വരുന്നു. വിലയിരുത്തൽ പഠനശേഷം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും റിപ്പോർട്ടുകൾ തയ്യാറാക്കി മണ്ണ് സംരക്ഷണ വകുപ്പിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നു. ഇത് വഴി പഠനവിധേയമാക്കിയ പദ്ധതികളിൽ തുടർ വികസനവും ഇതേ മാതൃകയിൽ മറ്റ് സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ലക്ഷ്യമിടുന്നു.

II. സർവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

- മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലം പദ്ധതി പ്രദേശത്തിന് ഉണ്ടായ പുരോഗതിയുടെ വിലയിരുത്തൽ.
- മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലമുള്ള ഭൂവിനിയോഗ മാറ്റത്തിന്റെ വിലയിരുത്തൽ.
- ഹ്രസ്വകാല-ദീർഘകാല വിളകളിൽ നിന്നും ലഭിക്കുന്ന ഉത്പാദനം, മൂല്യം ഇവയുടെ വിലയിരുത്തൽ.

- പദ്ധതിക്ക് ശേഷമുള്ള ജല ലഭ്യതയുടെ വിശകലനം.
- നടപ്പിലാക്കിയ പദ്ധതികളുടെ പരിപാലനത്തിന്റെ വിലയിരുത്തൽ.
- മണ്ണ് സംരക്ഷണ വകുപ്പ് മുഖേന അല്ലാതെ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കുക.
- പദ്ധതി പ്രദേശത്ത് നടത്താനുള്ള തുടർ പ്രവർത്തനങ്ങളും പ്രശ്നങ്ങളും ചൂണ്ടിക്കാട്ടുക.

III. വിലയിരുത്തൽ പഠന കാലയളവ്

കാർഷിക വർഷം (ജൂലൈ-ജൂൺ) അടിസ്ഥാനമാക്കിയാണ് മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠനം നടത്തി വരുന്നത് .

IV. പദ്ധതികളുടെ തിരഞ്ഞെടുപ്പും വിവരശേഖരണവും

ഓരോ കാർഷിക വർഷത്തെയും മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠനത്തിലേയ്ക്കായി ആ കാർഷിക വർഷത്തിന് മൂന്നുവർഷം മുമ്പ് ഓരോ ജില്ലയിലും മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പൂർത്തീകരിച്ച നീർത്തട സംരക്ഷണ, വെള്ളക്കെട്ട് നിവാരണ പദ്ധതികളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് ശേഖരിക്കുകയും, ഒന്നിലധികം പദ്ധതികൾ ഉണ്ടെങ്കിൽ ഡയറക്ടറേറ്റിൽ നിന്നുമുള്ള നിർദ്ദേശാനുസരണം അതിൽ നിന്ന് ഒരു പദ്ധതി തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ജില്ലകളിൽ വിലയിരുത്തൽ പഠനം നടത്തുന്നതിലേയ്ക്കായി മൂന്ന് വർഷത്തിന് മുൻപ് മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പൂർത്തീകരിച്ച പദ്ധതികളൊന്നും തന്നെയില്ലായെങ്കിൽ അതിന് മുൻവർഷങ്ങളിൽ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പൂർത്തീകരിച്ചതും വിലയിരുത്തൽ പഠനം നടത്താത്തതുമായ പദ്ധതികൾ പരിഗണിക്കാവുന്നതും, മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളൊന്നും ഇല്ല എങ്കിൽ മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തൽ പഠനത്തിനായി തിരഞ്ഞെടുക്കാവുന്നതുമാണ്. കൂടാതെ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ അവ വിലയിരുത്തൽ പഠനത്തിന് അനുയോജ്യമായവ ആണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

പ്രധാനമായും രണ്ട് തരം പദ്ധതികളാണ് വിലയിരുത്തൽ പഠനത്തിലേയ്ക്കായി പരിഗണിക്കപ്പെടുന്നത് നീർത്തട സംരക്ഷണം/ലാന്റ്സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി, വെള്ളക്കെട്ടു നിവാരണ പദ്ധതി .

1. നീർത്തട സംരക്ഷണം /ലാന്റ്സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി :

ലഭിയ്ക്കുന്ന മഴയെ പരമാവധി മണ്ണിൽ പിടിച്ച് നിർത്തി മണ്ണും ജൈവ വൈവിധ്യവും സംരക്ഷിക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, പരിസ്ഥിതി പുനരുജ്ജീവനവും,

കാർഷിക മേഖലയുടെ ഉന്നമനവും പദ്ധതി നിർവ്വഹണത്തിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ വിലയിരുത്തൽ പഠനം നടത്തുന്നതിലേയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട പദ്ധതി പ്രദേശത്തെ മുഴുവൻ ഗുണഭോക്താക്കളെയും സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു. കൂടാതെ മണ്ണ് സംരക്ഷണ പദ്ധതി കൊണ്ട് കിട്ടാവുന്ന നേട്ടങ്ങളുടെ താരതമ്യ പഠനം നടത്തുന്നതിനുവേണ്ടി നീർത്തട സംരക്ഷണ പദ്ധതിയെ സംബന്ധിച്ച് ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ 20% പദ്ധതിപ്രദേശത്തിന് പുറത്ത് ഒരേ ഭൂസ്വഭാവമുള്ള പ്രദേശത്തുള്ളതും പദ്ധതിയിൽ ഉൾപ്പെടാത്തതുമായ വ്യക്തികളിൽ നിന്നും കൺട്രോൾ പ്ലോട്ടുകൾ തിരഞ്ഞെടുത്ത് വിവരശേഖരണം നടത്തുന്നു. ഇപ്രകാരം ശേഖരിക്കപ്പെടുന്ന വിവരങ്ങളിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഫലങ്ങളും അപാകതകളും, കാർഷിക വിളകളുടെ വിസ്തൃതിയും ഉത്പാദനവും, പദ്ധതി പ്രദേശത്തിന്റെ ജല ലഭ്യത, മണ്ണിന്റെ ഘടന, മണ്ണിന്റെ ഫലഭൂയിഷ്ഠത, ജലനിരപ്പ്, മണ്ണിലെ ഈർപ്പത്തിന്റെ അളവ് തുടങ്ങിയവയും മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതി കർഷകർക്കും ഗുണഭോക്താക്കൾക്കും എത്രമാത്രം പ്രയോജനപ്പെട്ടെന്നും പദ്ധതിയ്ക്ക് ശേഷം പ്രസ്തുത പ്രദേശത്തിന്റെ മാറ്റം എന്നിവയും പഠനവിധേയമാക്കുന്നു.

2. വെള്ളക്കെട്ടുനിവാരണ പദ്ധതി :

മഴക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ പെയ്തുവീഴുന്ന ജലം പരമാവധി മണ്ണിൽ താഴ്ത്തുകയും ജലം ഉപരിതലത്തിലൂടെ ഒഴുകി വേഗത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ എത്തുന്നത് തടയുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയുടെ വിലയിരുത്തൽ പഠനം നടത്തുന്നതിലേയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട പദ്ധതി പ്രദേശത്തെ മുഴുവൻ ഗുണഭോക്താക്കളെയും സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു. ഗുണഭോക്താക്കളോടൊപ്പം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരേയും ഗുണഭോക്താവ് എന്ന കാഴ്ചപ്പാടിൽ ഈ സർവേയിൽ പരിഗണിച്ച് കൊണ്ട് പദ്ധതിപ്രദേശത്തെ മുഴുവൻ കുടുംബങ്ങളേയും സർവേയിൽ ഉൾപ്പെടുത്തുന്നു. (പാടശേഖരസമിതി പോലുള്ള ഗ്രൂപ്പുകളുടെ അഭിപ്രായം പരിഗണിക്കാവുന്നതാണ്).

V. സർവേ ഷെഡ്യൂളുകൾ :

വിലയിരുത്തൽ പഠനസർവേ വിവര ശേഖരണത്തിനായി പ്രധാനമായും നാല് തരം ഷെഡ്യൂളുകളാണ് ഉപയോഗിക്കുന്നത്.

ക്രമ നം.	പദ്ധതി	വിവര ശേഖരണ ഷെഡ്യൂൾ
1	നീർത്തട സംരക്ഷണം/ലാന്റ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി	**ഷെഡ്യൂൾ 0** **ഷെഡ്യൂൾ I(എ)** **ഷെഡ്യൂൾ II (എ)**
2	വെള്ളക്കെട്ടു നിവാരണ പദ്ധതി	**ഷെഡ്യൂൾ 0** **ഷെഡ്യൂൾ I (ബി)**

VI. ഷെഡ്യൂളുകൾ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ :

1. ഷെഡ്യൂൾ 0 : പൊതുവിവരങ്ങൾ:

പഠന വിധേയമാക്കിയ പദ്ധതിപ്രദേശത്തെ പൊതുവിവരങ്ങളാണ് ഈ ഷെഡ്യൂളിൽ രേഖപ്പെടുത്തേണ്ടത്. ഇതിൽ ചോദ്യം 1 മുതൽ 10 വരെയുള്ളവയുടെ വിശദാംശങ്ങൾ പദ്ധതി നടപ്പിലാക്കിയ വകുപ്പുതല ഓഫീസിൽ നിന്നും ശേഖരിക്കേണ്ടതാണ്. ചോദ്യം 11 മുതൽ 21 വരെയുള്ളവ പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്ന വാർഡ്/വർഡുകളിൽ നിന്ന് പ്രാദേശിക അന്വേഷണം വഴി ശേഖരിക്കേണ്ടതാണ്. ചോദ്യം 22 മുതൽ 28 വരെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ നിന്നും ശേഖരിക്കേണ്ടതാണ്.

ചോദ്യം	ശ്രദ്ധിക്കേണ്ടവ
1-2	പദ്ധതി പ്രദേശം ഉൾപ്പെടുന്ന ജില്ലയുടെയും ബ്ലോക്കിന്റെയും പേര് രേഖപ്പെടുത്തുക.
3	പദ്ധതി പ്രദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തുക.
4	വിലയിരുത്തപ്പെടുന്ന പദ്ധതിയുടെ പേര് രേഖപ്പെടുത്തുക.
5	വിലയിരുത്തപ്പെടുന്ന പദ്ധതിയുടെ വിസ്തൃതി സെന്റിൽ രേഖപ്പെടുത്തുക .
6	വിലയിരുത്തപ്പെടുന്ന പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം എഴുതുക.
7	വിലയിരുത്തപ്പെടുന്ന പദ്ധതി 'നീർത്തട സംരക്ഷണം, ലാന്റ്സ്ലൈഡ് സ്റ്റെബിലൈസേഷൻ, വെള്ളക്കെട്ട് നിവാരണം' എന്നിവയിൽ ഏത് എന്ന് വ്യക്തമാക്കുക.
8	പദ്ധതി പൂർത്തീകരിച്ച കാലയളവ് രേഖപ്പെടുത്തുക.
9	മണ്ണിന്റെ തരത്തിന് അനുയോജ്യമായ കോഡ് രേഖപ്പെടുത്തുക. പദ്ധതി പ്രദേശത്ത് ഒന്നിലധികം തരത്തിലുള്ള മണ്ണ് കാണപ്പെടുകയാണെങ്കിൽ മണ്ണിന്റെ തരത്തിനനുസരിച്ചുള്ള കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്.

10 പദ്ധതി പ്രദേശത്തിന്റെ ടോപ്പോഗ്രാഫി എത്രയയെന്ന് രേഖപ്പെടുത്തുക.

11 പദ്ധതി പ്രദേശത്തെ ജനസംഖ്യ സ്ത്രീ, പുരുഷൻ, ട്രാൻസ്ജെൻറർ എന്നിങ്ങനെ വേർതിരിച്ച് രേഖപ്പെടുത്തുക.

12 പദ്ധതി പ്രദേശത്തെ ജനസംഖ്യയെ പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റുള്ളവർ എന്നിങ്ങനെ വേർതിരിച്ച് രേഖപ്പെടുത്തുക.

13 -19 പദ്ധതി പ്രദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ്/വാർഡുകകളിൽ ഉള്ള വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ആ പ്രദേശത്തെ സ്കൂളുകൾ (അംഗനവാടി, LP, UP, HS/THS, HSS/VHSC എന്നിങ്ങനെ വേർതിരിച്ച് കാണിക്കുക), കോളേജുകൾ, സർക്കാർ ഓഫീസുകൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ കുടിവെള്ള പദ്ധതികൾ മുതലായവയെ സംബന്ധിച്ച് പ്രാദേശിക അന്വേഷണം നടത്തി അവയുടെ എണ്ണം രേഖപ്പെടുത്തുക.

20 പദ്ധതിപ്രദേശത്തിന് പുറത്ത് താമസിക്കുന്നതും എന്നാൽ പദ്ധതിപ്രദേശത്ത് സ്ഥലമുള്ളതുമായ ഗുണഭോക്താക്കളുടെ എണ്ണവും സ്ഥലത്തിന്റെ വിസ്തൃതിയും (സെന്റിൽ) രേഖപ്പെടുത്തുക.

21 ക്ഷീര സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കാർഷിക വിപണന സഹകരണ സംഘങ്ങൾ, നെയ്ത്തു സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാ സഹകരണ സംഘങ്ങളുടേയും എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

22-28 കുടുംബശ്രീ യൂണിറ്റുകൾ, സ്വകാര്യ/പൊതു കുഴൽ കിണറുകൾ, സ്വകാര്യ/പൊതു കിണറുകൾ, സ്വകാര്യ/പൊതു കുളങ്ങൾ, മഴവെള്ള സംഭരണികൾ മുതലായവയുടെ എണ്ണവും ശരാശരി ആഴവും (മീറ്റർ) കണ്ടെത്തി രേഖപ്പെടുത്തേണ്ടതാണ്.

2. ഷെഡ്യൂൾ1 (എ):

നീർത്തടസംരക്ഷണം/ലാന്റ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനാണ് ഈ ഷെഡ്യൂൾ ഉപയോഗിക്കുന്നത്. വിവര ശേഖരണത്തിനായി I മുതൽ VI വരെയുള്ള ബ്ലോക്കുകൾ ഈ ഷെഡ്യൂളിൽ ക്രമീകരിച്ചിരിക്കുന്നു. ഇവയിൽ യഥാക്രമം തിരിച്ചറിയൽ വിവരങ്ങൾ, ഹോൾഡിംഗിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ പ്രദേശത്തെ ഭൂവിനിയോഗ രീതിയുടെ വിവരങ്ങൾ (ഭൂവിനിയോഗ രീതി, ജലസേചന സ്ഥിതി, ജലസേചന മാർഗ്ഗം, കൃഷി ചെയ്യാത്തതിനുള്ള കാരണങ്ങൾ, ഹ്രസ്വകാല-ദീർഘകാല വിള വിസ്തൃതിയും ഉത്പാദനവും), മണ്ണ് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയതു വഴി പദ്ധതിപ്രദേശത്തിന് ലഭിച്ച പുരോഗതി, മണ്ണ് സംരക്ഷണ പ്രവർത്തനത്തെപ്പറ്റി ഗുണഭോക്താവിന്റെ അഭിപ്രായം, സർവേ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾ പൂരിപ്പിക്കേണ്ട വിധം

ഗുണഭോക്താവിൽ നിന്ന് വിവരങ്ങൾ നേരിട്ട് ശേഖരിച്ച് ചോദ്യാവലിയിൽ ബാധകമായ കോഡുകൾ അതീവ ശ്രദ്ധയോടെ രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് - 1 - തിരിച്ചറിയൽ വിവരങ്ങൾ

ചോദ്യം – 1-10	ഗുണഭോക്താവിന്റെ ജില്ല, താലൂക്ക്, സാമൂഹിക വിഭാഗം, സാമൂഹിക അവസ്ഥ എന്നിങ്ങനെയുള്ള പൊതു വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്.
ചോദ്യം - 11	ഗുണഭോക്താവിന്റെ പ്രധാന തൊഴിൽ സംബന്ധിച്ച വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. അവയ്ക്ക് അനുസൃതമായ കോഡ് നൽകുക.
ചോദ്യം -12, 13	ഗുണഭോക്താവിന്റെ അനുബന്ധ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ ചോദ്യം 12 ൽ രേഖപ്പെടുത്തേണ്ടതും, ഒന്നോ അതിലധികമോ തൊഴിലുകളു ണ്ടെങ്കിൽ ആയതിൻ പ്രകാരം ചോദ്യം 13 ൽ ഒന്നിലധികം കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്.
ചോദ്യം -14	വിലയിരുത്തൽ പഠനം നടത്തുന്ന പദ്ധതിയുടെ പേര് രേഖപ്പെടുത്തുക.
ചോദ്യം -15 (i)	ഹോൾഡിംഗിന്റെ വിസ്തൃതിയിൽ സ്വന്തമായി ഉള്ളതും പാട്ടത്തിനെടുത്തതും ആയ സ്ഥലത്തിന്റെ വിസ്തൃതിയാണ് (സെന്റിൽ) പരിഗണിക്കേണ്ടത്. കൂടാതെ പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആ വിസ്തൃതി കുറയ്ക്കേണ്ടതുമാണ്.

ചോദ്യം - 15(ii) പദ്ധതി പ്രദേശത്തെ കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ 4 സ്ലാറ്റുകളായി തരംതിരിക്കുന്നു. 15 (i) ൽ വരുന്ന ഭൂമിയുടെ വിസ്തൃതിയ്ക്കനുസൃതമായി 15(ii) ൽ അനുയോജ്യമായ സ്ലാറ്റും കോഡ് രേഖപ്പെടുത്തേണ്ടതാണ്.

സ്ലാറ്റും	വിസ്തൃതി (സെന്റിൽ)	വിസ്തൃതി (ഹെക്ടറിൽ)
1	1 മുതൽ 99 സെന്റ് വരെ	0.40 ഹെക്ടറിൽ താഴെ
2	100 മുതൽ 299 സെന്റ് വരെ	0.40 മുതൽ 1.21 ഹെക്ടറിന് താഴെ
3	300 മുതൽ 499 സെന്റ് വരെ	1.21 മുതൽ 2.02 ഹെക്ടറിന് താഴെ
4	500 സെന്റും അതിനു മുകളിലും	2.02 ഹെക്ടറിന് മുകളിൽ

ചോദ്യം - 16 പദ്ധതി പ്രദേശത്തിനകത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ സ്ഥലത്തിന്റെ സർവേ നമ്പർ, വിസ്തൃതി (സെന്റിൽ) എന്നിവയാണ് രേഖപ്പെടുത്തേണ്ടത്. ഒന്നിലധികം സർവേ നമ്പരുകൾ ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തി അവയുടെ ആകെ വിസ്തൃതി രേഖപ്പെടുത്തേണ്ടതാണ്.

ചോദ്യം - 17 പദ്ധതി പ്രദേശത്തിനകത്ത് ഗുണഭോക്താവിന്റെ താമസം സംബന്ധിച്ച് അനുയോജ്യമായ കോഡ് രേഖപ്പെടുത്തുക .

ബ്ലോക്ക് -II

ഹോൾഡിംഗിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ

പദ്ധതിയ്ക്ക് മുൻപും, പദ്ധതിയിലൂടെയും, പദ്ധതിയ്ക്ക് ശേഷവും ഹോൾഡിംഗിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിവരങ്ങളാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. പദ്ധതി കാലയളവിൽ ഒന്നിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓരോന്നായി രേഖപ്പെടുത്തേണ്ടതാണ്. പദ്ധതിയ്ക്കനുസരിച്ച് അനുയോജ്യമായ യൂണിറ്റ് (സെന്റ്/ച.മീറ്റർ/മീറ്റർ/നമ്പർ) തിരഞ്ഞെടുക്കേണ്ടതാണ്. നടപ്പിലാക്കിയ പ്രവൃത്തി, പദ്ധതി എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തി, പദ്ധതി ഇവയിലുൾപ്പെട്ട് വരാവുന്ന ചില ഇനങ്ങൾ ചുവടെ ചേർക്കുന്നു .

പ്രവൃത്തി :

- കോണ്ടൂർ ബണ്ടിംഗ് (ച . മീ)
- ടെറസിംഗ്(ച . മീ)
- മഴക്കുഴി (എണ്ണം)
- കിണർ റീചാർജ്ജീംഗ് (എണ്ണം)
- നീർച്ചാൽ നിർമ്മാണം/നവീകരണം (മീറ്റർ)
- പാർശ്വഭിത്തി നിർമ്മാണം (മീറ്റർ)
- റിംഗ് പോണ്ട് (എണ്ണം)

പദ്ധതി:

- RIDF
- പഞ്ചായത്ത്
- MGNREGS

ബ്ലോക്ക് - III

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ പ്രദേശത്തെ ഭൂവിനിയോഗ രീതിയുടെ വിവരങ്ങൾ

(എ) ഭൂവിനിയോഗ രീതി

(i) കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയാണ് (സെന്റിൽ) ഇവിടെ രേഖപ്പെടുത്തേണ്ടത്.

(ii) കൃഷി ചെയ്യാത്ത സ്ഥലം : ഇതിൽ തരിശുൾപ്പെടെ താല്ക്കാലികമായി കൃഷിചെയ്യാത്ത സ്ഥലത്തിന്റെ വിസ്തൃതിയാണ് രേഖപ്പെടുത്തേണ്ടത് .

(iii) കൃഷിയ്ക്ക് ഉപയുക്തമല്ലാത്തത്: ഇതിൽ കെട്ടിടവും പരിസരവും, വെള്ളക്കെട്ട്, പുൽത്തകിടി, പുൽമേടുകൾ, മറ്റ് കാർഷികേതര ഉപയോഗങ്ങൾക്ക് വിനിയോഗിച്ചിരിക്കുന്ന ഭൂമിയുടെ വിസ്തൃതി എന്നിവ ഉൾപ്പെടുന്നു

(i), (ii), (iii) ചേരുമ്പോൾ ഹോൾഡിംഗ് വിസ്തൃതിയ്ക്ക് തുല്യമാകണം.(ബ്ലോക്ക് I ലെ 15(i))

(ബി) ജലസേചന സ്ഥിതി

ജലസേചന സ്ഥിതി , ജലസേചനമാർഗ്ഗം , കൃഷി ചെയ്യാത്തതിനുള്ള കാരണങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ബി (i), (ii)

ജലസേചനമുള്ള കൃഷി സ്ഥലത്തിന്റെ വിസ്തൃതിയും ജലസേചനമില്ലാത്ത കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും (i ഉം ii) ചേരുമ്പോൾ ആകെ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് [ബ്ലോക്ക് III ലെ എ(i)] തുല്യമായിരിക്കണം.

ബി (iii)

ഒന്നിലധികം ജലസേചന മാർഗങ്ങളുണ്ടെങ്കിൽ അവ രേഖപ്പെടുത്തേണ്ടതാണ്

സി

കൃഷി ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങൾക്കനുസൃതമായ കോഡുകൾ തിരഞ്ഞെടുക്കേണ്ടതാണ്

ഡി

പദ്ധതിയ്ക്ക് മുൻപും/പദ്ധതിയ്ക്ക് ശേഷവുമുള്ള ഹ്രസ്വകാല വിളകളുടെ വിസ്തൃതിയും (സെന്റിൽ), ഉത്പാദനത്തിന്റെ അളവും (കി.ഗ്രാം/എണ്ണം) ഈ സബ് ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ സബ് ബ്ലോക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിളകളുണ്ടെങ്കിൽ അവ സംബന്ധിച്ച വിവരം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതും പ്രസ്തുത ബ്ളോക്കിലുൾപ്പെടുത്തി വിവര ശേഖരണം നടത്തേണ്ടതുമാണ്.

(ഇ)

പദ്ധതിയ്ക്ക് മുൻപും/പദ്ധതിയ്ക്ക് ശേഷവുമുള്ള ദീർഘകാല വിളകളുടെ വിസ്തൃതിയും (സെന്റിൽ), ഉത്പാദനത്തിന്റെ അളവും (കി.ഗ്രാം/എണ്ണം) ഈ സബ് ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ സബ് ബ്ലോക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിളകളുണ്ടെങ്കിൽ അവ സംബന്ധിച്ച വിവരം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതും പ്രസ്തുത ബ്ളോക്കിലുൾപ്പെടുത്തി വിവര ശേഖരണം നടത്തേണ്ടതുമാണ്.

ബ്ലോക്ക് –IV

മണ്ണ് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയത് വഴി പദ്ധതിപ്രദേശത്തിന് ലഭിച്ച പുരോഗതി

മണ്ണ് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയത് വഴി പദ്ധതിപ്രദേശത്തിന് ലഭിച്ച പുരോഗതിയാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്.

- **ജലവിതാനം സംബന്ധിച്ച വിവരങ്ങൾ**

  കിണർ

  (എ) മുതൽ (സി) വരെ - ഗുണഭോക്താവിന് പദ്ധതി പ്രദേശത്തുള്ള കിണറുകളുടെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. **കിണറിലെ ജലവിതാനം കണക്കാക്കുമ്പോൾ കിണറിലെ അടിത്തട്ട് മുതൽ എത്ര മീറ്റർ ഉയരത്തിൽ ജലനിരപ്പ് ഉണ്ട് എന്നാണ് കണക്കാക്കേണ്ടത്.**

തോട്

(എ) മുതൽ (സി) വരെ - ഗുണഭോക്താവിന്റെ പദ്ധതി പ്രദേശത്തുള്ള തോടിന്റെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്. "ബി" യെ സംബന്ധിച്ച് ഒന്നിലധികം കോഡുകൾ ഉണ്ടെങ്കിൽ അനുയോജ്യമായവ രേഖപ്പെടുത്തേണ്ടതാണ് .

കുളം

(എ) മുതൽ (സി) വരെ – ഗുണഭോക്താവിന് പദ്ധതിപ്രദേശത്തുള്ള കുളത്തിന്റെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് (എ,സി) അനുയോജ്യമായ കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്. അതിൽ ചോദ്യം ബി യിൽ ജലവിതാനം മീറ്ററിലും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ **കുളത്തിലെ ജലവിതാനം കണക്കാക്കുമ്പോൾ കുളത്തിലെ അടിത്തട്ട് മുതൽ എത്ര മീറ്റർ ഉയരത്തിൽ ജലനിരപ്പ് ഉണ്ട് എന്നാണ് കണക്കാക്കേണ്ടത്.**

- ചോദ്യം (2) ൽ ഗുണഭോക്താവിന് പദ്ധതിപ്രദേശത്തുള്ള കുഴൽകിണറുകളുടെ എണ്ണമാണ് രേഖപ്പെടുത്തേണ്ടത്.
- ചോദ്യം (3) മുതൽ (7) വരെയുള്ളവയ്ക്ക് അനുയോജ്യമായ കോഡ് രേഖപ്പെടുത്തേണ്ടതാണ്.
- ചോദ്യം (8) ൽ (i) മുതൽ (vii) വരെ - പദ്ധതിയ്ക്ക് മുമ്പ്, പദ്ധതിയ്ക്ക് ശേഷം ഹോൾഡിംഗിൽ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് അനുസൃതമായ കോഡാണ് രേഖപ്പെടുത്തേണ്ടത്.
- ചോദ്യം (9) ൽ (i) മുതൽ (x) വരെ - പദ്ധതിയ്ക്ക് ശേഷം ഗുണഭോക്താക്കളുടെ വാർഷിക വരുമാനം സംബന്ധിച്ച് അനുയോജ്യമായ കോഡ് നൽകുക. ഇവയിൽ ഗുണഭോക്താവിന് ബാധകമായ അനുബന്ധ വാർഷിക വരുമാനത്തിൽ മാത്രം കോഡ് രേഖപ്പെടുത്തുക.

ബ്ലോക്ക് - V

മണ്ണ് സംരക്ഷണ പ്രവർത്തനത്തെ പറ്റി ഗുണഭോക്താവിന്റെ അഭിപ്രായം

മണ്ണ് സംരക്ഷണ പ്രവർത്തനത്തെപ്പറ്റി ഗുണഭോക്താവിന്റെ അഭിപ്രായങ്ങളാണ് ഈ ബ്ലോക്കിൽ ഉൾപ്പെടുത്തേണ്ടത് .

- ചോദ്യം (1) ൽ മണ്ണ് സംരക്ഷണ പ്രവർത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച അനുയോജ്യമായ കോഡ് നൽകേണ്ടതാണ്.

- ചോദ്യം (2) ൽ അനുയോജ്യമായ കോഡ് നൽകുകയും അവയിൽ ഉപചോദ്യങ്ങളായ (i),(ii) എന്നിവയിൽ ചെലവായ തുക രൂപയിലും തൊഴിൽ ദിനങ്ങൾ ദിവസത്തിലും രേഖപ്പെടുത്തുക. (iii) ന് അനുയോജ്യമായ കോഡ് നൽകുക.
- ചോദ്യം (3) മുതൽ (5) വരെയുള്ളവയ്ക്ക് അനുയോജ്യമായ കോഡ് നൽകുക.
- ചോദ്യം (6) ൽ പദ്ധതിയുടെ വിവരങ്ങൾ എങ്ങനെ അറിയുവാൻ സാധിച്ചു എന്നത് സംബന്ധിച്ച് അനുയോജ്യമായ കോഡുകൾ തിരഞ്ഞെടുത്ത് രേഖപ്പെടുത്തുക.
- ചോദ്യം (7) ന് അനുയോജ്യമായ കോഡ് രേഖപ്പെടുത്തുക.
- ചോദ്യം (8) ൽ പദ്ധതി നടപ്പിലാക്കിയ ശേഷം വരുമാനം വർധിപ്പിക്കുന്നതിന് നടപ്പിലാക്കിയ മാർഗങ്ങളും ആയതിന് ചെലവായ തുകയും (രൂപയിൽ) സംബന്ധിച്ച വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്.
- ചോദ്യം (9) ൽ പദ്ധതി പ്രദേശത്തിനകത്ത് ഇനിയും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ അനുയോജ്യമായ പ്രവൃത്തികളുടെ കോഡും നടപ്പിലാക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയും (സെന്റിൽ), മതിപ്പ് ചെലവും (രൂപയിൽ) രേഖപ്പെടുത്തേണ്ടതാണ്.
- ചോദ്യം (10) ൽ പദ്ധതി കൂടുതൽ ഉപയോഗപ്രദമാക്കാൻ ഒന്നിലധികം അനുയോജ്യമായ മാർഗങ്ങളുണ്ടെങ്കിൽ അവയുടെ കോഡുകൾ രേഖപ്പെടുത്തേണ്ടതാണ് .

ബ്ലോക്ക്–VI

വിവരശേഖരണം സംബന്ധിച്ച അഭിപ്രായം

ഈ ബ്ലോക്കിൽ സർവേ നടത്തിപ്പ് സംബന്ധിച്ച് ഇൻവെസ്റ്റിഗേറ്റർ, സൂപ്പർവൈസർ എന്നിവരുടെ അഭിപ്രായം അനുയോജ്യമായ കോഡുപയോഗിച്ച് രേഖപ്പെടുത്തേണ്ടതാണ്.

3.ഷെഡ്യൂൾ II (എ) : കൺട്രോൾ പ്ലോട്ട്

തിരഞ്ഞെടുത്ത കൺട്രോൾ പ്ലോട്ടിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടിയാണ് ഈ ഷെഡ്യൂൾ ഉപയോഗിക്കുന്നത്. വിവര ശേഖരണത്തിനായി I മുതൽ V വരെയുള്ള ബ്ലോക്കുകൾ ഈ ഷെഡ്യൂളിൽ ക്രമീകരിച്ചിരിക്കുന്നു. ഇവയിൽ യഥാക്രമം തിരിച്ചറിയൽ വിവരങ്ങൾ, മണ്ണ് സംരക്ഷണ പദ്ധതി പ്രവർത്തനത്തിന്റെ ആവശ്യകതയും വ്യാപ്തിയും, ഭൂമിയുടെ ഉപയോഗവും തിരഞ്ഞെടുത്ത സ്ഥലത്തെ വിള വിസ്തൃതിയും ഉത്പാദനവും, പ്രദേശത്തെ ജലവിതാനം സംബന്ധിച്ച വിവരങ്ങൾ, സർവേ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾ പൂരിപ്പിക്കേണ്ട വിധം

വിവരദാതാവിൽ നിന്ന് വിവരങ്ങൾ നേരിട്ട് ശേഖരിച്ച് ചോദ്യാവലിയിൽ ബാധകമായ കോഡുകൾ അതീവ ശ്രദ്ധയോടെ രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് – I - തിരിച്ചറിയൽ വിവരങ്ങൾ

ഇതിൽ വിവരദാതാവിന്റെ തിരിച്ചറിയൽ വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത് (ചോദ്യം 1-9). ഈ ബ്ലോക്ക് ഷെഡ്യൂൾ I–Aയിലെ തിരിച്ചറിയൽ വിവരങ്ങൾ പൂരിപ്പിച്ച വിധമാണ് രേഖപ്പെടുത്തേണ്ടത്.

ബ്ലോക്ക് –II –മണ്ണ് സംരക്ഷണ പദ്ധതി പ്രവർത്തനത്തിന്റെ ആവശ്യകതയും വ്യാപ്തിയും

- ചോദ്യം (1) ന് അനുയോജ്യമായ കോഡ് നൽകേണ്ടതാണ്.
- ചോദ്യം (2) ൽ മണ്ണ് സംരക്ഷണ പ്രവർത്തനം ആവശ്യമുണ്ടെങ്കിൽ [2(എ)] ആവശ്യമുള്ള സ്ഥലത്തിന്റെ വിസ്തൃതി സെന്റിൽ രേഖപ്പെടുത്തേണ്ടതും ഒന്നോ അതിലധികമോ പ്രവൃത്തികൾ ആവശ്യമായിട്ടുണ്ടെങ്കിൽ ആയതിൻ പ്രകാരം ചോദ്യം 2(ബി)ൽ ഒന്നിലധികം കോഡുകൾ രേഖപ്പെടുത്തേണ്ടതുമാണ്. 2(സി) ൽ പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായി വരുന്ന ഏകദേശ ചെലവ് രൂപയിൽ രേഖപ്പെടുത്തുക.
- ചോദ്യം (3) - പദ്ധതി പ്രവർത്തനം നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾക്ക് അനുയോജ്യമായ കോഡ് രേഖപ്പെടുത്തേണ്ടതാണ്. പദ്ധതി നടപ്പാക്കാതിരിക്കാൻ

ഒന്നിലധികം കാരണങ്ങളുണ്ടെങ്കിൽ അവയ്ക്ക് അനുയോജ്യമായ കോഡുകൾ തിരഞ്ഞെടുത്ത് രേഖപ്പെടുത്തേണ്ടതാണ്.

- ചോദ്യം (4) മുതൽ (6), (8) എന്നിവയ്ക്ക് അനുയോജ്യമായ കോഡ് രേഖപ്പെടുത്തുക.
- ചോദ്യം (7) ൽ മണ്ണ് സംരക്ഷണ പദ്ധതി വിശദാംശങ്ങളെക്കുറിച്ച് ഒന്നോ അധിലധികമോ മാർഗ്ഗങ്ങളിൽ നിന്ന് ഉപദേശം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അനുയോജ്യമായ കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് –III- ഭൂമിയുടെ ഉപയോഗവും തിരഞ്ഞെടുത്ത സ്ഥലത്തെ വിളവിസ്തൃതിയും

ഷെഡ്യൂൾ I–Aയിലെ ബ്ലോക്ക് –III പൂരിപ്പിച്ച വിധമാണ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്

ബ്ലോക്ക് –IV- പ്രദേശത്തെ ജലവിതാനം സംബന്ധിച്ച വിവരങ്ങൾ

ഷെഡ്യൂൾ I–Aയിലെ ബ്ലോക്ക് –IV പൂരിപ്പിച്ച വിധമാണ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.

ബ്ലോക്ക് –V

വിവരശേഖരണം സംബന്ധിച്ച അഭിപ്രായം

ഈ ബ്ലോക്കിൽ സർവേ നടത്തിപ്പ് സംബന്ധിച്ച് ഇൻവെസ്റ്റിഗേറ്റർ, സൂപ്പർവൈസർ എന്നിവരുടെ അഭിപ്രായം അനുയോജ്യമായ കോഡുപയോഗിച്ച് രേഖപ്പെടുത്തേണ്ടതാണ്.

4. ഷെഡ്യൂൾ I (ബി) : വെള്ളക്കെട്ടു നിവാരണ പദ്ധതി

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനാണ് ഈ ഷെഡ്യൂൾ ഉപയോഗിക്കുന്നത്. വിവര ശേഖരണത്തിനായി I മുതൽ VI വരെയുള്ള ബ്ലോക്കുകൾ ഈ ഷെഡ്യൂളിൽ ക്രമീകരിച്ചിരിക്കുന്നു. ഇവയിൽ യഥാക്രമം തിരിച്ചറിയൽ വിവരങ്ങൾ, ഹോൾഡിംഗിൽ നടപ്പിലാക്കിയിട്ടുള്ള വെള്ളക്കെട്ടുനിവാരണ പ്രവർത്തനങ്ങൾ, വെള്ളക്കെട്ടുനിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ പ്രദേശത്തെ ഭൂവിനിയോഗ രീതിയുടെ വിവരങ്ങൾ (ഭൂവിനിയോഗ രീതി, ജലസേചന സ്ഥിതി, ജലസേചന മാർഗ്ഗം, കൃഷി ചെയ്യാത്തതിനുള്ള കാരണങ്ങൾ, ഹ്രസ്വകാല-ദീർഘകാല വിള വിസ്തൃതിയും ഉത്പാദനവും) വെള്ളക്കെട്ടുനിവാരണ പ്രവൃത്തി നടപ്പിലാക്കിയതുവഴി പദ്ധതിപ്രദേശത്തിന് ലഭിച്ച പുരോഗതി, വെള്ളക്കെട്ടുനിവാരണ പ്രവർത്തനത്തെപ്പറ്റി ഗുണഭോക്താവിന്റെയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെയും അഭിപ്രായം, സർവേ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾ പൂരിപ്പിക്കേണ്ട വിധം

ഗുണഭോക്താവ്/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരിൽ നിന്നും വിവരങ്ങൾ നേരിട്ട് ശേഖരിച്ച് ചോദ്യാവലിയിൽ ബാധകമായ കോഡുകൾ അതീവ ശ്രദ്ധയോടെ രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് – 1 – തിരിച്ചറിയൽ വിവരങ്ങൾ

ചോദ്യം -1-10	ഗുണഭോക്താവിന്റെ/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ ജില്ല, താലൂക്ക്, ബ്ലോക്ക്, സാമൂഹിക വിഭാഗം, സാമൂഹിക അവസ്ഥ എന്നിങ്ങനെയുള്ള പൊതു വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്.
ചോദ്യം - 11	ഗുണഭോക്താവിന്റെ/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ പ്രധാന തൊഴിൽ സംബന്ധിച്ച വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. അവയ്ക്ക് അനുസൃതമായ കോഡ് നൽകുക.
ചോദ്യം-12, 13	ഗുണഭോക്താവിന്റെ/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ അനുബന്ധ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ ചോദ്യം 12 ൽ രേഖപ്പെടുത്തേണ്ടതും, ഒന്നോ അതിലധികമോ അനുബന്ധ തൊഴിലുകളുണ്ടെങ്കിൽ ആയതിൻ പ്രകാരം ചോദ്യം 13 ൽ ഒന്നിലധികം കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്.

ചോദ്യം - 14 വിലയിരുത്തൽ പഠനം നടത്തുന്ന പദ്ധതിയുടെ പേര് രേഖപ്പെടുത്തുക.

ചോദ്യം -15 (i) ഹോൾഡിംഗിന്റെ വിസ്തൃതിയിൽ സ്വന്തമായി ഉള്ളതും പാട്ടത്തിനെടുത്തതും ആയ സ്ഥലത്തിന്റെ വിസ്തൃതിയാണ് (സെന്റിൽ) പരിഗണിക്കേണ്ടത്. കൂടാതെ പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആ വിസ്തൃതി കുറയ്ക്കേണ്ടതുമാണ്.

ചോദ്യം- 15(ii) പദ്ധതി പ്രദേശത്തെ കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരെ 4 സ്ലാറ്റുകളായി തരം തിരിക്കേണ്ടതും 15 (i) ൽ വരുന്ന ഭൂമിയുടെ വിസ്തൃതിയ്ക്കനുസൃതമായി 15(ii) ൽ അനുയോജ്യമായ സ്ലാറ്റം കോഡ് രേഖപ്പെടുത്തേണ്ടതുമാണ് .

സ്ലാറ്റം	വിസ്തൃതി (സെന്റിൽ)	വിസ്തൃതി (ഹെക്ടറിൽ)
1	1 മുതൽ 99 സെന്റ് വരെ	0.40 ഹെക്ടറിൽ താഴെ
2	100 മുതൽ 299 സെന്റ് വരെ	0.40 മുതൽ 1.21 ഹെക്ടറിന് താഴെ
3	300 മുതൽ 499 സെന്റ് വരെ	1.21 മുതൽ 2.02 ഹെക്ടറിന് താഴെ
4	500 സെന്റും അതിനു മുകളിലും	2.02 ഹെക്ടറിന് മുകളിൽ

ചോദ്യം – 16 പദ്ധതി പ്രദേശത്തിനകത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ സ്ഥലത്തിന്റെ സർവേ നമ്പർ, വിസ്തൃതി (സെന്റിൽ) എന്നിവയാണ് രേഖപ്പെടുത്തേണ്ടത്. ഒന്നിലധികം സർവേ നമ്പരുകൾ ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തി അവയുടെ ആകെ വിസ്തൃതി രേഖപ്പെടുത്തേണ്ടതാണ് .

ചോദ്യം – 17 പദ്ധതി പ്രദേശത്തിനകത്ത് ഗുണഭോകതാവിന്റെ/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ താമസം സംബന്ധിച്ച് അനുയോജ്യമായ കോഡ് രേഖപ്പെടുത്തുക.

ബ്ലോക്ക് –II

ഹോൾഡിംഗിൽ നടപ്പിലാക്കിയിട്ടുള്ള വെള്ളക്കെട്ടുനിവാരണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ

പദ്ധതിയ്ക്ക് മുൻപും, പദ്ധതിയിലൂടെയും, പദ്ധതിയ്ക്ക് ശേഷവും ഹോൾഡിംഗിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിവരങ്ങളാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. പദ്ധതി കാലയളവിൽ ഒന്നിൽ കൂടുതൽ പദ്ധതികൾ

നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓരോന്നായി രേഖപ്പെടുത്തേണ്ടതാണ്. പദ്ധതിയ്ക്കനുസരിച്ച് അനുയോജ്യമായ യൂണിറ്റ് (സെന്റ്/ച.മീറ്റർ/മീറ്റർ/നമ്പർ) തിരഞ്ഞെടുക്കേണ്ടതാണ്. നടപ്പിലാക്കിയ പ്രവൃത്തി, പദ്ധതി എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തി, പദ്ധതി ഇവയിലുൾപ്പെട്ട് വരാവുന്ന ചില ഇനങ്ങൾ ചുവടെ ചേർക്കുന്നു .

പ്രവൃത്തി :

- കോണ്ടൂർ ബണ്ടിംഗ് (ച . മീ)
- ടെറസിംഗ് (ച . മീ)
- മഴക്കുഴി (എണ്ണം)
- കിണർ റീചാർജ്ജിംഗ് (എണ്ണം)
- നീർച്ചാൽ നിർമ്മാണം/നവീകരണം (മീറ്റർ)
- പാർശ്വഭിത്തി നിർമ്മാണം (മീറ്റർ)
- റിംഗ് പോണ്ട് (എണ്ണം)

പദ്ധതി :

- RIDF
- പഞ്ചായത്ത്
- MGNREGS

ബ്ലോക്ക് –III

വെള്ളക്കെട്ടുനിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ പ്രദേശത്തെ ഭൂവിനിയോഗ രീതിയുടെ വിവരങ്ങൾ

(എ) ഭൂവിനിയോഗ രീതി

(i) കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയാണ് (സെന്റിൽ) ഇവിടെ രേഖപ്പെടുത്തേണ്ടത്.

(ii) കൃഷി ചെയ്യാത്ത സ്ഥലം : ഇതിൽ തരിശുൾപ്പെടെ താല്ക്കാലികമായി കൃഷിചെയ്യാത്ത സ്ഥലത്തിന്റെ വിസ്തൃതിയാണ് രേഖപ്പെടുത്തേണ്ടത്.

(iii) കൃഷിയ്ക്ക് ഉപയുക്തമല്ലാത്തത് : ഇതിൽ കെട്ടിടവും പരിസരവും, വെള്ളക്കെട്ട്, പുൽത്തകിടി, പുൽമേടുകൾ, മറ്റ് കാർഷികേതര ഉപയോഗങ്ങൾക്ക് വിനിയോഗിച്ചിരിക്കുന്ന ഭൂമിയുടെ വിസ്തൃതി എന്നിവ ഉൾപ്പെടുന്നു

(i), (ii), (iii) ചേരുമ്പോൾ ഹോൾഡിംഗ് വിസ്തൃതിയ്ക്ക് തുല്യമാകണം.(ബ്ലോക്ക് I ലെ 15(i))

(ബി) ജലസേചന സ്ഥിതി

ജലസേചനസ്ഥിതി, ജലസേചനമാർഗ്ഗം, കൃഷി ചെയ്യാത്തതിനുള്ള കാരണങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ബി (i), (ii)

ജലസേചനമുള്ള കൃഷി സ്ഥലത്തിന്റെ വിസ്തൃതിയും ജലസേചനമില്ലാത്ത കൃഷി സ്ഥലത്തിന്റെ വിസ്തൃതിയും (i ഉം ii) ചേരുമ്പോൾ ആകെ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് [ബ്ലോക്ക് III ലെ എ (i)] തുല്യമായിരിക്കണം.

ബി (iii)

ഒന്നിലധികം ജലസേചന മാർഗങ്ങളുണ്ടെങ്കിൽ അവ രേഖപ്പെടുത്തേണ്ടതാണ്

സി

കൃഷി ചെയ്യാത്തതിനുള്ള കാരണങ്ങൾക്കനുസൃതമായ കോഡുകൾ തിരഞ്ഞെടുക്കേണ്ടതാണ്.

(ഡി)

പദ്ധതിയ്ക്ക് മുൻപും / പദ്ധതിയ്ക്ക് ശേഷവുമുള്ള ഹ്രസ്വകാല വിളകളുടെ വിസ്തൃതിയും (സെന്റിൽ) ഉത്പാദനത്തിന്റെ അളവും (കി.ഗ്രാം / എണ്ണം) ഈ സബ് ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ സബ് ബ്ലോക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിളകളുണ്ടെങ്കിൽ അവ സംബന്ധിച്ച വിവരം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതും പ്രസ്തുത ബ്ളോക്കിലുൾപ്പെടുത്തി വിവര ശേഖരണം നടത്തേണ്ടതുമാണ് .

(ഇ)

പദ്ധതിയ്ക്ക് മുൻപും / പദ്ധതിയ്ക്ക് ശേഷവുമുള്ള ദീർഘകാല വിളകളുടെ വിസ്തൃതിയും (സെന്റിൽ) , ഉത്പാദനത്തിന്റെ അളവും (കി.ഗ്രാം / എണ്ണം) ഈ സബ് ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ സബ് ബ്ലോക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിളകളുണ്ടെങ്കിൽ അവ സംബന്ധിച്ച വിവരം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതും പ്രസ്തുത ബ്ളോക്കിലുൾപ്പെടുത്തി വിവര ശേഖരണം നടത്തേണ്ടതുമാണ് .

ബ്ലോക്ക് -IV

വെള്ളക്കെട്ട് നിവാരണ പ്രവൃത്തി നടപ്പിലാക്കിയത് വഴി ലഭിച്ച പുരോഗതി

വെള്ളക്കെട്ടുനിവാരണ പ്രവൃത്തി നടപ്പിലാക്കിയത് വഴി പദ്ധതിപ്രദേശത്തിന് ലഭിച്ച പുരോഗതിയാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്.

- **ജലവിതാനം സംബന്ധിച്ച വിവരങ്ങൾ**

  കിണർ

  (എ) മുതൽ (ഡി) വരെ - ഗുണഭോക്താവിന്/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ പദ്ധതിപ്രദേശത്തുള്ള കിണറുകളുടെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. കിണറിലെ ജലവിതാനം കണക്കാക്കുമ്പോൾ കിണറിലെ അടിത്തട്ട് മുതൽ എത്ര മീറ്റർ ഉയരത്തിൽ ജലനിരപ്പ് ഉണ്ട് എന്നാണ് കണക്കാക്കേണ്ടത്.

തോട്

(ഇ) മുതൽ (ജി) വരെ – ഗുണഭോക്താവിന്റെ/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ പദ്ധതിപ്രദേശത്തുള്ള തോടിന്റെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്.

കുളം

(എച്ച്) മുതൽ (ജെ) വരെ – ഗുണഭോക്താവിന്റെ/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ പദ്ധതിപ്രദേശത്തുള്ള കുളത്തിന്റെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ കോഡുകൾ രേഖപ്പെടുത്തേണ്ടതാണ്.കൂടാതെ കുളത്തിലെ ജല ലഭ്യത വർഷത്തിൽ എത്ര മാസം എന്ന് രേഖപ്പെടുത്തേണ്ടതാണ്.

- ചോദ്യം (2) ൽ ഗുണഭോക്താവിന് പദ്ധതിപ്രദേശത്തുള്ള കുഴൽകിണറുകളുടെ എണ്ണമാണ് രേഖപ്പെടുത്തേണ്ടത്.
- ചോദ്യം (3) മുതൽ (15) വരെയുള്ളവയ്ക്ക് അനുയോജ്യമായ കോഡ് രേഖപ്പെടുത്തേണ്ടതാണ്.
- ചോദ്യം (3) മുതൽ (15) വരെയുള്ളവയ്ക്ക് അനുയോജ്യമായ കോഡ് രേഖപ്പെടുത്തേണ്ടതാണ്.
- ചോദ്യം (5) ൽ പ്രദേശത്ത് വർഷത്തിൽ വെള്ളക്കെട്ടുള്ളത് എത്ര മാസം എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് –V

വെള്ളക്കെട്ട് നിവാരണ പ്രവർത്തനത്തെപ്പറ്റി ഗുണഭോക്താവ്/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ അഭിപ്രായം

പദ്ധതിയ്ക്ക് ശേഷം വെള്ളക്കെട്ട് നിവാരണ പ്രവർത്തനത്തെപ്പറ്റി ഗുണഭോക്താവ്/പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ അഭിപ്രായം ഇവിടെ രേഖപ്പെടുത്തേണ്ടതാണ്.

- ചോദ്യം (1) മുതൽ (3) വരെയുള്ളവയ്ക്ക് അനുയോജ്യമായ കോഡ് രേഖപ്പെടുത്തുക.
- ചോദ്യം (4) ൽ വെള്ളക്കെട്ട് നിവാരണ പദ്ധതിയുടെ വിവരങ്ങൾ എങ്ങനെ അറിയുവാൻ സാധിച്ചു എന്നത് സംബന്ധിച്ച് അനുയോജ്യമായ കോഡുകൾ തിരഞ്ഞെടുത്ത് രേഖപ്പെടുത്തുക .

- ചോദ്യം 5, 6 (i) എന്നിവയ്ക്ക് അനുയോജ്യമായ കോഡ് നൽകുക. 6(ii) ൽ പദ്ധതി പ്രദേശത്ത് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഏതെങ്കിലും മാർഗ്ഗം കൈകൊണ്ടിട്ടുണ്ടെങ്കിൽ ചെലവായ തുകയും (രൂപയിൽ) രേഖപ്പെടുത്തേണ്ടതാണ്.
- ചോദ്യം -7(i) ൽ അനുയോജ്യമായ കോഡ് രേഖപ്പെടുത്തുക.
- ചോദ്യം -7(ii) ൽ വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതി സെന്റിലും നീളം മീറ്ററിലും രേഖപ്പെടുത്തുക.
- ചോദ്യം -8 ൽ പദ്ധതി കൂടുതൽ ഉപയോഗപ്രദമാക്കാൻ ഒന്നിലധികം അനുയോജ്യമായ മാർഗങ്ങളുണ്ടെങ്കിൽ അവയുടെ കോഡുകൾ രേഖപ്പെടുത്തേണ്ടതാണ് .
- ചോദ്യം (9) ൽ (i) മുതൽ (iv) വരെ - പദ്ധതിയ്ക്ക് മുമ്പ്, പദ്ധതിയ്ക്ക് ശേഷം ഹോൾഡിംഗിൽ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് അനുസൃതമായ കോഡാണ് രേഖപ്പെടുത്തേണ്ടത്.
- ചോദ്യം (10) ൽ (i) മുതൽ (x) വരെ - പദ്ധതിയ്ക്ക് ശേഷം ഗുണഭോക്താക്കളുടെ വാർഷിക വരുമാനം സംബന്ധിച്ച് അനുയോജ്യമായ കോഡ് നൽകുക. ഇവയിൽ ഗുണഭോക്താവിന് ബാധകമായ അനുബന്ധ വാർഷിക വരുമാനത്തിൽ മാത്രം കോഡ് രേഖപ്പെടുത്തുക.

ബ്ലോക്ക് –VI

വിവരശേഖരണം സംബന്ധിച്ച അഭിപ്രായം

ഈ ബ്ലോക്കിൽ സർവേ നടത്തിപ്പ് സംബന്ധിച്ച് ഇൻവെസ്റ്റിഗേറ്റർ, സൂപ്പർവൈസർ എന്നിവരുടെ അഭിപ്രായം അനിയോജ്യമായ കോഡുപയോഗിച്ച് രേഖപ്പെടുത്തേണ്ടതാണ്.

VII .പൊതുനിർദ്ദേശങ്ങൾ

- സർവേ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് തന്നെ തുടങ്ങേണ്ടതും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.
- സർവേ സംബന്ധിച്ച് മുൻ മാസത്തെ പുരോഗതി റിപ്പോർട്ട് നിശ്ചിത പ്രൊഫോർമയിൽ തൻ മാസം അഞ്ചാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ ഡയറക്ടറേറ്റിലേക്ക് അയച്ച് തരേണ്ടതാണ് .
- ഗുണഭോക്താക്കളുടെ ലിസ്റ്റ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടിൽ നിന്നും ആധികാരികമായി ശേഖരിക്കേണ്ടതാണ്.
- ഫീൽഡ് തലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്താൻ ബുദ്ധിമുട്ട് നേരിട്ടാൽ ആയത് മണ്ണുസംരക്ഷണ ഓഫീസറെ രേഖാമൂലം അറിയിച്ച് വേണ്ട സഹായം അഭ്യർത്ഥിക്കേണ്ടതാണ്.
- വിവിധ ഷെഡ്യൂളുകളിലെ വ്യത്യസ്ത ബ്ലോക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾ അധികമായി ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അവ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.
- പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന ഗുണഭോക്തൃ ലിസ്റ്റിലെ ഗുണഭോക്താവിന്റെ പദ്ധതി പ്രദേശത്തെ ഭൂമിയുടെ നിലവിലെ ഉടമസ്ഥനെ ഗുണഭോക്താവായി പരിഗണിച്ച് പ്രസ്തുത വ്യക്തിയിൽ നിന്ന് സർവേയുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തേണ്ടതാണ്.
- വിലയിരുത്തൽ പഠനം നടത്തുന്ന പദ്ധതിയുടെ പൊതുവായ വിവരങ്ങൾ, ചെലവായ തുക, ചെയ്ത പ്രവർത്തികൾ, മണ്ണുസംരക്ഷണം നടത്തിയ പ്രദേശം സംബന്ധിച്ച വിവരങ്ങൾ, മണ്ണുസംരക്ഷണം നടപ്പിലാക്കിയ പ്രദേശത്തിന്റെ ഫോട്ടോസ് എന്നിവ മണ്ണുസംരക്ഷണ ഓഫീസിലെ പ്രോജക്ട് റിപ്പോർട്ടിൽ നിന്നും ശേഖരിച്ച് ഒരു വിവരണം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് . കൂടാതെ സ്കീം നടത്തിപ്പിനെപ്പറ്റിയുള്ള ഇൻവെസ്റ്റിഗേറ്ററുടെ നിഷ്പക്ഷമായ വിലയിരുത്തൽ പഠനവും ഇതിലുൾപ്പെടുത്തേണ്ടതാണ്.
- ജില്ലാതല സൂപ്പർവൈസറി ഓഫീസർമാർ നിശ്ചിത ശതമാനം പ്ലോട്ടുകളിൽ ഫീൽഡ് പരിശോധന നടത്തേണ്ടതും സൂക്ഷ്മപരിശോധന നടത്തിയ ഷെഡ്യൂളുകൾ സമയ ബന്ധിതമായി ഡാറ്റാ എൻട്രി പൂർത്തിയാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കേണ്ടതുമാണ് .

****